പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

30.06.2014 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: **5105**

## ചേർത്തല മണ്ഡലത്തിൽ നടന്നിട്ടുള്ള ഭവനഭേദനങ്ങളും മോഷണ ശ്രമങ്ങളും

ചോദ്യം

ശ്രീ. പി. തിലോത്തമൻ

മറുപടി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് ചേർത്തല മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള ഭവനഭേദനങ്ങളും മോഷണങ്ങളും എത്രയാണെന്നു വ്യക്തമാക്കാമോ; ഇവയിൽ എത്ര കേസുകളിൽ പ്രതികൾ പിടിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(എ) ഈ സർക്കാരിന്റെ കാലത്ത് ചേർത്തല മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ 54 ഭവനഭേദന കേസുകളും, 77 മോഷണ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 26 ഭവനഭേദന കേസുകളിലെ പ്രതികളെയും, 49 മോഷണ കേസുകളിലെ പ്രതികളെയും പിടികൂടിയിട്ടുണ്ട്.

(ബി) ചേർത്തല നാഷണൽ ഹൈവേയിലെ ദീപിക ജംഗ്ഷനു സമീപമുള്ള വീട്ടിൽ മാസങ്ങൾക്കുമുമ്പ് പകൽ നടന്ന ഭവന ഭേദനവും മോഷണവും സംബന്ധിച്ച് പോലീസ് നടത്തിയ അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇവിടെ നിന്നും നഷ്ടമായ സ്വർണ്ണവും പണവും തിരികെ ലഭിച്ചോ എന്നു വ്യക്തമാക്കാമോ;

(ബി) ഈ സംഭവവുമായി ബന്ധപ്പെട്ട് ചേർത്തല പോലീസ് സ്റ്റേഷനിൽ ക്രൈം 989/13 നമ്പർ കേസിലേക്ക് അന്വേഷണം നടത്തിയതിൽ പ്രതികളെ സംബന്ധിച്ചോ, മോഷണം നടത്തിയ മുതലുകൾ കണ്ടെത്തുന്നത് സംബന്ധിച്ചോ യാതൊരുവിധ തെളിവും ലഭിച്ചിട്ടില്ല. ശാസ്ത്രീയ കുറ്റാന്വേഷണ നടപടികൾ ഉൾപ്പെടെ സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തി കേസന്വേഷണം തുടരുന്നു.

(സി) ചേർത്തല മണ്ഡലത്തിൽ ഈ കാലയളവിൽ നടന്ന മോഷണങ്ങളിൽ എത്ര എണ്ണം അന്യസംസ്ഥാനക്കാരായ കുറ്റവാളികൾ നടത്തിയവയാണെന്ന് വ്യക്തമാക്കാമോ ?

(സി) ചേർത്തല മണ്ഡലത്തിൽ ഈ കാലയളവിൽ നടന്ന മോഷണങ്ങളിൽ തമിഴ്നാട് സ്വദേശികൾ പ്രതികളായിട്ടുള്ള 7 കേസുകളും കർണ്ണാടക സ്വദേശി പ്രതിയായിട്ടുള്ള ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ